**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6300** **10-11-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ വി ശശി,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പൊതുമരാമത്ത് പ്രവൃത്തികൾ പരിശോധിക്കുന്നതിനായി ജനപ്രതിനിധികളെയും സാങ്കേതികവിദഗ്ധരെയും ഉൾപ്പെടുത്തി അസംബ്ലി നിയോജകമണ്ഡലാടിസ്ഥാനത്തിലും തുടർന്ന് സംസ്ഥാന തലത്തിലും സോഷ്യൽ ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | 05.01.2018 ലെ ജി.ഒ.(എം.എസ്) നം.1/2018/ പൊ.മ.വ. പ്രകാരം പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സമിതികളിൽ അതത് പ്രവൃത്തി സ്ഥലങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട സമിതികൾ പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായാണ് രൂപീകരിച്ചിട്ടുള്ളത്. എന്നാൽ തുടർ നടപടികളൊന്നും നടന്നില്ല. ആയതിനാൽ നിലവിൽ സമിതികൾ പുനഃക്രമീകരിച്ച് Social Auditing ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. |
| (ബി) | നിർമ്മാണ പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നതിനും സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലും സോഷ്യൽ ഓഡിറ്റിംഗ് എത്രത്തോളം സഹായിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | 05.01.2018 ലെ ജി.ഒ.(എം.എസ്) നം.1/2018/ പൊ.മ.വ. പ്രകാരം പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സമിതികളിൽ അതത് പ്രവൃത്തി സ്ഥലങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട സമിതികൾ പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായാണ് രൂപീകരിച്ചിട്ടുള്ളത്. എന്നാൽ തുടർ നടപടികളൊന്നും നടന്നില്ല. ആയതിനാൽ നിലവിൽ സമിതികൾ പുനഃക്രമീകരിച്ച് Social Auditing ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. |
| (സി) | പ്രൈസ് സോഫ്റ്റ്‌വെയർ ഏർപ്പെടുത്തിയതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം എത്രത്തോളം മെച്ചപ്പെട്ടിട്ടുണ്ടെന്നും ഇത് ഏതൊക്കെ വിധത്തിൽ ഗുണകരമായിട്ടുണ്ടെന്നും വിശദീകരിക്കുമോ; | (സി) | PRICE Software ഏർപ്പെടുത്തിയതു വഴി എല്ലാ പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കൽ മുതൽ അനുമതി നൽകൽ, ടെണ്ടർ ക്രമീകരണങ്ങൾ, കരാറിലേർപ്പെടൽ, പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കൽ തുടങ്ങി അളവുകൾ രേഖപ്പെടുത്തി ബിൽ പേയ്മെന്റ് വരെയുള്ള എല്ലാ നടപടികളും |

| | | | |
|---|---|---|---|
| | | | വളരെ സുതാര്യമായും വേഗത്തിലും ഫലപ്രദമായും ചെയ്യുവാൻ സാധിക്കുന്നുണ്ട്. കൂടാതെ "കടലാസ് രഹിത കാര്യാലയങ്ങൾ" പ്രാവർത്തികമാക്കുന്നതിലേയ്ക്കും വളരെയേറെ സഹായകമായിട്ടുണ്ട്. |
| (ഡി) | ഇ-ടെന്റർ സംവിധാനം ഏർപ്പെടുത്തിയതിനുശേഷം നിർമ്മാണപ്രവൃത്തികളുടെ നിർവ്വഹണത്തിൽ ഗുണപരമായ മാറ്റമുണ്ടായിട്ടുണ്ടോ; വിശദീകരിക്കുമോ; | (ഡി) | ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ രജിസ്റ്റേർഡ് കരാറുകാർക്ക് എല്ലാംതന്നെ ഓൺലൈനായി ടെണ്ടറു കളെപ്പറ്റിയുള്ള വിവരങ്ങൾ അറിയുന്നതിനും ടെണ്ടറിൽ പങ്കെടുക്കുന്നതിനും സാധിക്കുന്നു. തന്നെയുമല്ല, ടെണ്ടറിൽ മത്സര സ്വഭാവം ഉറപ്പാക്കി ടെണ്ടർ നടപടികളിലെ അഴിമതി പൂർണ്ണമായും ഇല്ലാതാക്കുന്നതിനും സുതാര്യമാക്കുന്നതിനും സാധിക്കുകയും കൂടാതെ സർക്കാരിന് ലാഭകരമായ രീതിയിൽ ടെണ്ടർ അംഗീകരിക്കാനും കഴിയുന്നു. |
| (ഇ) | ആധുനികസംവിധാനങ്ങളുടെ സഹായത്തോടെയുള്ള വകുപ്പിന്റെ പ്രവർത്തനങ്ങൾ അഴിമതി കുറയ്ക്കുന്നതിന് സഹായിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ? | (ഇ) | പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളുടെ ഭരണാനുമതി, സാങ്കേതിക അനുമതി, അളവുകൾ രേഖപ്പെടുത്തൽ, പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ബിൽ തയ്യാറാക്കൽ,ടെണ്ടറുകളുടെ പ്രോസസ്സിംഗ്, വർക്ക് അവാർഡ്, കരാർ തയ്യാറാക്കൽ എന്നിവ ഉൾപ്പെടെയുള്ള വിവിധ തലങ്ങളിൽ PRICE Software കൊണ്ടുവന്നതിനാൽ നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പുവരുത്താനായിട്ടുണ്ട്. പ്രൈസ് സോഫ്റ്റ് വെയർ ഏർപ്പെടുത്തിയതു വഴി പ്രവൃത്തികളുടെ നടപടികൾ കാര്യക്ഷമമാക്കുവാനും ടെണ്ടർ, മെഷർമെന്റ്, ലെവൽസ്, റിവൈസ്ഡ് എസ്റ്റിമേറ്റ്, ബിൽ എന്നിവ സമയബന്ധിതമായി തയ്യാറാക്കുന്നതിനും നടപടികൾ ഏകീകരിക്കുന്നതിനും സഹായിച്ചിട്ടുണ്ട്. പ്രൈസ് സോഫ്റ്റ് വെയർ മുഖേന ഇ-മെഷർമെന്റ് ബുക്കിൽ  യഥാസമയം കൃത്യമായ അളവുകൾ നിർബന്ധമായും രേഖപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റും ബില്ലും തയ്യാറാക്കുന്നതിനാൽ കരാറുകാരുടെ ബില്ലുമായി ബന്ധപ്പെട്ടുള്ള അഴിമതി കുറയ്ക്കുന്നതിനു വളരെയധികം സഹായകരമായിട്ടുണ്ട്. കരാറുകാരുടെ ബിൽ പരിശോധിച്ച ശേഷം പേയ്മെന്റ് സീനിയോറിറ്റി നിശ്ചയിക്കുന്നത് EMLI എന്ന സോഫ്റ്റ് വെയർ സംവിധാനം വഴിയാണ്. ഓഫീസ് പ്രവർത്തനങ്ങൾ അഴിമതിരഹിതവും വേഗത്തിലു മാക്കുന്നതിനായി ഇ-ഓഫീസ്, PRISM സംവിധാനങ്ങൾ നടപ്പിലാക്കിവരുന്നു. ആഭ്യന്തര വിജിലൻസ് സംവിധാനത്തെ സുശക്തമാക്കിക്കൊണ്ട് വകുപ്പിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉയരുന്ന പരാതികൾ യഥാസമയം ഫലപ്രദമായി അന്വേഷിച്ച് |

| | | | |
|---|---|---|---|
| | | | പ്രവൃത്തികളുടെ ഗുണനിലവാരം ഉൾപ്പെടെ പരിശോധിച്ച് വീഴ്ചകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ